*ഹയർ സെക്കൻഡറി വിദ്യാഭ്യാസ*
*ഡയറക്ടറുടെ കാര്യാലയം*
*തിരുവനന്തപുരം 1*

**ICT Cell/4433/SWS/HSE/2011** **9th June 2011**

*<u>സർക്കുലർ</u>*

*വിഷയം: പ്ലസ് വൺ ഏകജാലകപ്രവേശനം: ഒഴിവുള്ള SC/ST സീറ്റുകളിലേക്ക് പുതിയ അപേക്ഷ സ്വീകരിക്കൽ- പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശങ്ങൾ*

അപേക്ഷകരില്ലാതെ ഒഴിഞ്ഞുകിടക്കുന്ന പട്ടികജാതി/ പട്ടിക വർഗ്ഗ സീറ്റുകളിലേക്ക് ഈ വിഭാഗങ്ങളിലെ ഇതുവരെ അപേക്ഷിക്കാത്ത വിദ്യാർത്ഥികൾക്ക് പുതിയ അപേക്ഷകൾ നൽകാവുതാണ്. ഇതിനായി ഈ വിഭാഗങ്ങളിലെ ഒഴിവുകളുടെ വിശദാംശങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എല്ലാ സ്കൂളുകളിലും ഈ വിവരങ്ങൾ ഡൗൺലോഡ് ചെയ്ത് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കണം. ജൂൺ 10 മുതൽ 13 വരെ എല്ലാ സ്കൂളുകളിൽ നിന്നും അപേക്ഷകൾ വിതരണം ചെയ്യുകയും പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിയ്ക്കുകയും വേണം. ഇക്കൊല്ലം എസ്. എസ്. എൽ.സി. (സേ) പരീക്ഷ പാസ്സായ വിദ്യാർത്ഥികൾ മുകളിൽ സൂചിപ്പിച്ച ഒഴിവുകളിലേക്ക് അപേക്ഷിക്കരുത്. സേ പാസായവർക്ക് അപേക്ഷ നൽകാൻ പിന്നീടവസരം നൽകും. നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷ നൽകാൻ കഴിയാതിരുന്ന മറ്റെല്ലാ പട്ടികജാതി പട്ടിക വർഗ വിദ്യാർത്ഥികൾക്കും ഈ ഘട്ടത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. സ്കൂളിലെ ഡേറ്റാ എൻട്രിയും അനുബന്ധ പ്രവർത്തനങ്ങളും നേരത്തെ നൽകിയിട്ടുള്ള നിർദേശങ്ങൾ അനുസരിച്ച് ചെയ്യണം. ജൂൺ 16ന് ഡേറ്റാ എൻട്രിയും വെരിഫിക്കേഷനും പൂർത്തിയാക്കി കൺഫർമേഷൻ നടത്തണം. സ്കൂളിൽ വിതരണത്തിനായി അപേക്ഷകളില്ലാതെ വന്നാൽ തൊട്ടടുത്തുള്ള മറ്റ് സ്കൂളുകളിൽ നിന്ന് അവ ലഭ്യമാക്കുന്നതിന് അതത് ജില്ലാ കോ-ഓഡിനേറ്റർമാരെ ബന്ധപ്പെടണം. നിലവിൽ അപേക്ഷകൾ ലഭ്യമായ സ്കൂളുകളുടെ വിശദാംശങ്ങളും അവിടെ ലഭ്യമാകുന്ന അപേക്ഷകളുടെ എണ്ണവും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ വിവരങ്ങൾ നിരന്തരം അപ്ഡേറ്റ് ചെയ്ത് പ്രസിദ്ധീകരിക്കുന്നതാണ്. അപേക്ഷാഫാറത്തിന്റെ ലഭ്യതയില്ലായ്മയുള്ള പക്ഷം വെബ്സൈറ്റിൽ ലഭ്യമായ അപേക്ഷയുടെ മാതൃക പ്രിന്റ് ചെയ്ത് ഓരോ സ്കൂളിനും അനുവദിച്ചിട്ടുള്ള അപേക്ഷാനമ്പറുകൾ നൽകിയും അപേക്ഷാവിതരണം നടത്താവുന്നതാണ്.

**ഡയറക്ടർ**